(ഡി) ഈ പരീക്ഷയ്ക്ക് സൂപ്പർവിഷൻ നിൽക്കുന്നവർക്ക് പ്രതിദിനം 100 ഡോളർ വീതം നൽകിയിരുന്നുവോ;

(ഇ) കൊച്ചി സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകർക്കും ഈ പരീക്ഷയുമായി ബന്ധപ്പെട്ട് ജോലി നൽകണമെന്ന് അദ്ധ്യാപകരും അവരുടെ യൂണിയനും ആവശ്യപ്പെട്ടിരുന്നുവോ;

(എഫ്) തൽഫലമായി കൊച്ചി സർവ്വകലാശാലയിൽ അനുവദിച്ചിരുന്ന പരീക്ഷാ സെന്റർ മാറ്റുകയുണ്ടായോ;

(ജി) ഇതുമൂലം എത്രപേർക്ക് കൊച്ചിയിൽ പരീക്ഷ എഴുതാൻ കഴിയാതായി;

(എച്ച്) പരീക്ഷാ സെന്റർ നഷ്ടപ്പെടാൻ ഇടയാക്കിയവരുടെ മേൽ എന്തു നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ; എടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും സി. റ്റി. എഫ്. എൻ. എസ്സും തമ്മിലുണ്ടായിരുന്ന കരാർ പ്രകാരം 30-11-2003 വരെ പരീക്ഷാ കേന്ദ്രമായി സർവ്വകലാശാലയെ അംഗീകരിച്ചിരുന്നു.

(ബി) സർവ്വകലാശാലയോ സർക്കാരോ നടത്തിയിട്ടുന്നില്ല.

(സി) വിവരം ലഭ്യമല്ല.

(ഡി) നൽകിയിരുന്നു

(ഇ) ഇല്ല. എന്നാൽ രണ്ട് അനദ്ധ്യാപക സംഘടനകളും ജീവനക്കാർ കൂട്ടായും തുല്യമായ അവസരം എല്ലാവർക്കും നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(എഫ്) പരീക്ഷാ കേന്ദ്രം മാറ്റിയതായി സർവ്വകലാശാലയെ അറിയിച്ചിട്ടില്ല.

(ജി) ഇത് സംബന്ധിച്ച കണക്ക് സർവ്വകലാശാലയിൽ ലഭ്യമല്ല.

(എച്ച്) പരീക്ഷാ കേന്ദ്രം നിശ്ചയിക്കുന്നത് സി. റ്റി. എഫ്. എൻ. എസ്. ആണ്. സർവ്വകലാശാലയ്ക്ക് ഈ സ്ഥാപനവുമായി ഉണ്ടായിരുന്ന കരാറിന്റെ കാലാവധി അവസാനിച്ചു. നിയമപരമായി ഇത് ആരുടേയും പേരിൽ നടപടി എടുക്കുവാനുള്ള കാരണമല്ലാത്തതിനാൽ സർവ്വകലാശാല നടപടിയെടുത്തിട്ടില്ല.

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പുതിയ കോഴ്സുകൾ

140 [692] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള കോഴ്സുകളിൽ മാറ്റം വരുത്തിക്കൊണ്ട് പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വൊക്കേഷണൽ കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) അന്തിമ തീരുമാനമായിട്ടില്ല.

കേന്ദ്ര മാനവശേഷി വകുപ്പിൽ നിന്നും വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ തുടങ്ങാൻ ലഭിച്ച തുക

141 [693] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ, കേന്ദ്ര മാനവശേഷി വകുപ്പിൽ നിന്നും വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ തുടങ്ങാൻ എത്ര രൂപ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി;

(ബി) പ്രസ്തുത തുക എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ ആവശ്യത്തിലേക്കായി എത്ര കമ്പ്യൂട്ടറുകൾ ഇതിനകം വാങ്ങിയിട്ടുണ്ട്; ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു;

(ഡി) പ്രസ്തുത കമ്പ്യൂട്ടറുകൾ ഡ്യൂപ്ലിക്കേറ്റ് പാർട്ടുകൾ ചേർത്ത് അസംബിൾ ചെയ്തിട്ടുള്ളതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ ആവശ്യത്തിലേക്കായി ഇതുവരെ 1203 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ 5,11,89,870 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly